# Official Spokesperson's response to media queries on the the issuance of a Joint Declaration between the Afghan and US Governments in Kabul and signing of the US-Taliban Agreement in Doha

February 29, 2020

---

## അഫ്ഘാൻ -അമേരിക്ക ഭരണകൂടങ്ങൾ തമ്മിൽ കാബൂളിൽ വച്ച് പ്രസ്താവിച്ച സംയുക്ത പ്രസ്താവന ദോഹയിൽ ഒപ്പ് വച്ച യു -എസ് താലിബാൻ ഉടമ്പടി എന്നിവയെക്കുറിച്ചുള്ള മാധ്യമ അന്വേഷണങ്ങളോട് ഔദ്യോഗിക വക്താവിന്റെ പ്രതികരണം

ഫെബ്രുവരി 29, 2020

അഫ്ഘാൻ -അമേരിക്ക ഭരണകൂടങ്ങൾ തമ്മിൽ കാബൂളിൽ വച്ച് പ്രസ്താവിച്ച സംയുക്ത പ്രസ്താവന ദോഹയിൽ ഒപ്പ് വച്ച യു -എസ് താലിബാൻ ഉടമ്പടി എന്നിവയെക്കുറിച്ചുള്ള മാധ്യമ അന്വേഷണങ്ങളോട് ഔദ്യോഗിക വക്താവ് ശ്രീ രവീഷ് കുമാറിന്റെ പ്രതികരണം ഇപ്രകാരമായിരുന്നു;

"അഫ്ഗാനിസ്ഥാനിൽ സമാധാനവും, സുരക്ഷയും സ്ഥിരതയും കൊണ്ട് വരുന്നതിനും; അന്ത്രദേശീയ തീർവ്രവാദത്തിന്റെ കണ്ണികൾ അറുത്തുമാറ്റുന്നതിനും; അഫ്ഘാനിസ്താന്റെ ഉടമസ്ഥതയിൽ ഉള്ളതും, നേതൃത്വം വഹിക്കുന്നതും നിയന്ത്രിക്കുന്നതുമായ സ്ഥിരമായ രാഷ്ട്രീയ സംവായത്തിലേക്ക് നയിക്കുന്ന എല്ലാ അവസരങ്ങളെയും പിന്തുണയ്ക്കുന്ന സ്ഥിരതയുള്ള ഒരു നയമാണ് ഇന്ത്യ സ്വീകരിച്ചിട്ടുള്ളത്.

ഇത്തരം ഉടമ്പടികൾ മൂലമുണ്ടായ സമാധാനത്തിനു സ്ഥിരതയ്ക്കുമായുള്ള പ്രതീക്ഷയെ അഫ്ഘാനിസ്ഥാനിലെ ഭരണകൂടവും ജനതയും സമൂഹവും ,മൊത്തത്തിലുള്ള രാഷ്ട്രീയ വിന്യാസങ്ങളും സ്വാഗതം ചെയ്യുന്നുണ്ട് എന്ന് ഞങ്ങൾ നിരീക്ഷിക്കുന്നു.

സമീപവർത്തിയായ അയൽരാജ്യമെന്ന നിലയിൽ, അഫ്ഘാൻ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും താല്പര്യങ്ങളെ സംരക്ഷിക്കുന്ന സമാധാനപൂർണവും ജനാധിപത്യപരവും സമൃദ്ധവുമായ ഭാവിയ്ക്കായുള്ള അഫ്ഗാനിസ്ഥാൻ ഭരണകൂടത്തിന്റെയും ജനതയുടെയും ആഗ്രഹങ്ങളെ സാക്ഷാത്കരിക്കുന്നതിന് എല്ലാ പിന്തുണയും നൽകുന്നത് ഇന്ത്യ തുടരുക തന്നെ ചെയ്യുന്നതാണ്"

ന്യൂ ഡൽഹി
29 ഫെബ്രുവരി , 2020

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.